**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 75** **22-02-2022 - ൽ മറുപടിയ്ക്ക്**

**സിൽവർലൈൻ ഡി.പി.ആർ.**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ പി സി വിഷ്ണുനാഥ്,<br>ശ്രീമതി കെ.കെ.രമ,<br>ഡോ. മാത്യു കുഴൽനാടൻ,<br>ശ്രീ. ടി.സിദ്ദിഖ് | | Shri. Pinarayi Vijayan<br>(മുഖ്യമന്ത്രി) | |
| (എ) | നിർദ്ദിഷ്ട സിൽവർ ലൈൻ പാതയുടെ 30 ശതമാനവും വളവുകളാൽ നിറഞ്ഞതാണെന്നും 200 പാതകളിൽ കയറ്റിറക്കങ്ങളുള്ളതുകാരണം മണിക്കൂറിൽ 120 കിലോമീറ്ററിൽ താഴെ മാത്രമേ ട്രെയിനുകൾക്ക് സഞ്ചരിക്കാൻ സാധിക്കുകയുള്ളൂ എന്നുമുള്ളത് വസ്തുതയാണോ; എങ്കിൽ പ്രസ്തുത വിഷയം ഗൗരവത്തോടെ കാണുന്നുണ്ടോ; | (എ) | കൊടും വളവുകളും കയറ്റിറക്കങ്ങളും ഒഴിവാക്കിക്കൊണ്ടുള്ള അലൈൻമെന്റാണ് നിലവിൽ ഡി.പി.ആർ ൽ ഉൾപ്പെടുത്തിയിട്ടുള്ളത്. |
| (ബി) | നിർദ്ദിഷ്ട പദ്ധതിയുടെ 200 കിലോ മീറ്ററോളം ദൂരത്തിൽ ഇരുവശവും മതിൽ കെട്ടുമെന്ന് ഡി.പി.ആർ. ൽ പറഞ്ഞിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; | (ബി) | 530 കിലോമീറ്റർ നീളമുള്ള സിൽവർലൈൻ പാതയുടെ 137 കിലോമീറ്റർ പാത തൂണുകളിലൂടെയോ തുരങ്കങ്ങളിലൂടെയോ ആണ് കടന്നു പോകുന്നത്. ഈ സ്ഥലങ്ങളിൽ ഇപ്പോഴുള്ള അതേ രീതിയിൽ പാതക്ക് കുറുകെ സഞ്ചരിക്കാൻ തടസ്സമുണ്ടാകില്ല. ബാക്കി സ്ഥലങ്ങളിൽ നിലവിലുള്ള റോഡുകൾ നിലനിർത്താൻ അടിപ്പാതകളോ മേൽപാലങ്ങളോ നിർമിക്കും. പാത മുറിച്ചു കടക്കാൻ 500 മീററർ ഇടവിട്ട് മേൽപ്പാലങ്ങളോ അടിപ്പാതകളോ സബ് വേകളോ നിർമ്മിക്കും. പാതക്ക് ഇരുവശവും സംരക്ഷണ വേലിയുണ്ടാകും. അപകടങ്ങൾ ഒഴിവാക്കുന്നതിനാണിത്. 140 കിലോമീറ്ററിലേറെ വേഗതയിൽ തീവണ്ടികൾ ഓടുന്ന പാതകൾക്ക് ഇരുപുറത്തും ഇത്തരം വേലികൾ സ്ഥാപിക്കണമെന്നാണ് ഇന്ത്യൻ റെയിൽവേ അനുശാസിക്കുന്ന നിയമം. ഡൽഹി-ആഗ്ര സെക്ഷനിൽ പാതയ്ക്ക് സംരക്ഷണവേലിയുണ്ട്. ഡൽഹി-വരാണസി, ഡൽഹി-ഹൗറ സെക്ഷനുകളിൽ സംരക്ഷണ വേലിയുടെ നിർമാണം പുരോഗമിച്ചു വരികയാണ്. യാത്രക്ക് പ്രദേശവാസികൾക്ക് ബുദ്ധിമുട്ട് ഉണ്ടാവാത്ത വിധം സംരക്ഷണഭിത്തി ഒരുക്കുവാൻ വിവിധ ഡിസൈനുകൾ പഠിച്ചു വരികയാണ്. |

| | | | |
|---|---|---|---|
| (സി) | പദ്ധതിയുടെ ഇരുവശവും ഉണ്ടാക്കുന്ന മതിലിൽ പരസ്യം നൽകി പണം സ്വരൂപിക്കാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് അറിയിക്കാമോ? | (സി) | നിലവിൽ ഡിസൈൻ ആണ് നടന്നുകൊണ്ടിരിക്കുന്നത്. |

സെക്ഷൻ ഓഫീസർ